# VIJAYAGIRI PUBLIC SCHOOL
(Affiliated to CBSE, New Delhi, Affiliation No.930543)
Annallur P.O., Ashtamichira, Chalakudy, Thrissur- 680 731
www.vijayagirischool.ac.in, Email: vijayagirischool@yahoo.in
Phone: +91 480 2892434, 7510210679


**Circular No.015 /2025-2026** **25-02-2026**

പ്രിയപ്പെട്ട രക്ഷിതാക്കളെ,

നിങ്ങൾക്കേവർക്കും വിജയഗിരി സ്കൂളിന്റെ ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു. നിറഞ്ഞ സംതൃപ്തിയോടും സന്തോഷത്തോടും കൂടിയാണ് 2025-26 അധ്യയന വർഷത്തെ രണ്ടാമത്തെ സർക്കുലർ നിങ്ങളുടെ മുന്നിലെത്തിക്കുന്നത്.
'Give them the best' എന്ന ആപ്തവാക്യം മുൻനിർത്തിക്കൊണ്ട് ഏറ്റവും മികച്ച പദ്ധതികളാണ് കുട്ടികളുടെ സമഗ്ര പുരോഗതിക്ക് വേണ്ടി സ്കൂൾ ഈ വർഷം നടപ്പിലാക്കിയത്. ഇനിയും അത് തുടരും.

## ISO Certification

ഗുണനിലവാര മാനേജ്മെന്റിനുള്ള ISO സർട്ടിഫിക്കേഷൻ നമ്മുടെ സ്കൂൾ വീണ്ടും നേടി. ഇതൊരു ആവേശകരമായ നേട്ടമാണ്.

## Foundation Classes

ഹൈസ്കൂൾ കുട്ടികളെ മത്സരപരീക്ഷകൾക്ക് ഒരുക്കുന്നതിനും അവരിലെ അഭിരുചി വർദ്ധിപ്പിക്കുന്നതിനും വേണ്ടി 8,9,10, ക്ലാസ്സുകളിലെ കുട്ടികൾക്കായി സ്കൂൾ ടൈമിൽ തന്നെ ഫൗണ്ടേഷൻ ക്ലാസുകൾ നടന്നു വരുന്ന വിവരം അറിവുള്ളതാണല്ലോ . കൂടുതൽ സാമ്പത്തിക ബാധ്യതയുള്ള ഈ ക്ലാസുകളുടെ ചെലവ് സ്കൂൾ എഗ്രിമെൻറ് അനുസരിച്ച് കുറഞ്ഞ നിരക്കിലാണ് സംഘടിപ്പിച്ച് വരുന്നത്.

## Parent Teacher Contact Programme

അധ്യയനവർഷത്തിൽ നടത്തുന്ന എല്ലാ പരീക്ഷകൾക്കുശേഷവും വിദ്യാർത്ഥികളുടെ പഠനനിലവാരത്തെക്കുറിച്ച് അധ്യാപകരുമായി നേരിട്ട് ചർച്ച ചെയ്യുന്നതിനും കുട്ടികളെ കൂടുതൽ അടുത്തറിയുന്നതിനും വേണ്ടി ഓപ്പൺ ഹൗസ് സംഘടിപ്പിക്കുന്നു. അന്നേദിവസം എത്തിച്ചേരാൻ അസൗകര്യമുള്ള രക്ഷിതാക്കൾക്ക് എല്ലാ മാസത്തിലും രണ്ടാമത്തെയും നാലാമത്തെയും ചൊവ്വാഴ്ചകളിൽ അധ്യാപകരെ കാണുവാനുള്ള സൗകര്യം ഉണ്ടായിരിക്കും. ഇത് അധ്യാപക രക്ഷാകർത്തൃ ബന്ധം ദൃഢമാക്കാൻ വഴിയൊരുക്കുന്നു..

## പാഠ്യേതര പ്രവർത്തനങ്ങൾ (Co-curricular Activities)

പഠനത്തോടൊപ്പം തന്നെ പാഠ്യേതര വിഷയങ്ങളിലും (Co- Curricular) അതീവ ശ്രദ്ധ ചെലുത്തിക്കൊണ്ടാണ് നാം ഈ അധ്യയന വർഷത്തിന്റെ അവസാന ഘട്ടത്തിലേക്ക് കടക്കുന്നത്. ഈ വർഷം ഓരോ ക്ലാസ്സിലും നടത്തിക്കൊണ്ടിരുന്ന പ്രധാന ആക്ടിവിറ്റികൾ താഴെ നൽകുന്നു:

- LKG/ UKG: കായികക്ഷമതയ്ക്ക് മുൻഗണന നൽകുന്ന Sports & Fitness പ്രോഗ്രാമുകൾ.
- ക്ലാസ്സ് I&II: ഫൺ മാത്സ് (Fun maths), വെസ്റ്റേൺ ഡാൻസ്, സ്പോർട്സ്/ഫിറ്റ്നസ് എന്നിവയ്ക്ക് പുറമെ ഒരു ഇലക്ടീവ് ആക്ടിവിറ്റി കൂടി ലഭ്യമാക്കിയിട്ടുണ്ട്.
- ക്ലാസ്സ് III, IV & V: വെസ്റ്റേൺ ഡാൻസ്, കരാട്ടെ, ഫിറ്റ്നസ്/സ്പോർട്സ് എന്നിവയ്ക്ക് പുറമെ ഇഷ്ടപ്പെട്ട ഒരു ആക്ടിവിറ്റി കൂടി തെരഞ്ഞെടുക്കാം.
- ക്ലാസ്സ് VI, VII & VIII: സ്പോർട്സ് & ഫിറ്റ്നസ്, യോഗ (Compulsory) എന്നിവയോടൊപ്പം ഒരു ഇലക്ടീവ് ആക്ടിവിറ്റി കൂടി നൽകപ്പെടുന്നുണ്ട്.
- ക്ലാസ്സ് IX: മുൻവർഷത്തേക്കാൾ ഉപരിയായി 'യോഗ' നിർബന്ധിത വിഷയമായും കൂടാതെ പ്രത്യേക ഇലക്ടീവ് പ്രോഗ്രാമുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

NOTE: സ്കൂളിലെ പരിമിതമായ സമയത്തിനുള്ളിൽ കുട്ടികളുടെ അഭിരുചി തിരിച്ചറിയാനാണ് ഇത്തരം Co-curricular activities സംഘടിപ്പിക്കുന്നത്. പ്രത്യേക താല്പര്യമുള്ള കുട്ടികൾക്ക് വിദഗ്ധരുടെ കീഴിൽ കൂടുതൽ പരിശീലനം നൽകാൻ രക്ഷിതാക്കൾ ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും.

## Vijayagiri App

വിജയഗിരി സ്കൂളിലെ എല്ലാ കുട്ടികൾക്കും "വിജയഗിരി ആപ്പ് " ലഭിച്ചിട്ടുണ്ട്. ഈ നൂതന സംവിധാനം വഴി മാതാപിതാക്കൾക്ക് അധ്യാപകരും പ്രിൻസിപ്പാളുമായി ബന്ധപ്പെടുന്നതിനും തിരിച്ച് കുട്ടികളുടെ വിവരങ്ങൾ അറിയുന്നതിനും കഴിയും. പഠനസംബന്ധമായ എല്ലാ വിവരങ്ങളും ഈ ആപ്പ് വഴിയാണ് ഔദ്യോഗികമായി നൽകുന്നത്. ഈ സംവിധാനത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ എല്ലാവരും ശ്രമിക്കുമല്ലോ. Whatsapp സന്ദേശങ്ങൾ പരമാവധി ചുരുക്കുകയാണ്.

## സ്കൂൾ യൂണിഫോം

1. യൂണിഫോം പാറ്റേൺ

   ഈ അധ്യായന വർഷം സ്കൂൾ യൂണിഫോം പാറ്റേണിൽ യാതൊരുവിധ മാറ്റങ്ങളും ഉണ്ടായിരിക്കുന്നതല്ല. നിലവിലുള്ള അതേ ഡിസൈൻ തന്നെ തുടരുന്നതാണ്. Readymade യൂണിഫോം സൈസ് അനുസരിച്ചു ലഭ്യമാക്കും. Regular Uniform ഏപ്രിൽ 15ന് മുമ്പ് വാങ്ങാൻ ശ്രമിക്കുമല്ലോ

2. ഹൗസ് വൈസ് (House-wise) യൂണിഫോം

   വിവിധ ഹൗസുകൾക്കായി നിശ്ചയിച്ചിട്ടുള്ള പ്രത്യേക കളർ യൂണിഫോമുകൾ നിലവിലുള്ളത് പോലെ തന്നെ തുടരും. ഇതിൽ മാറ്റങ്ങൾ വിഭാവനം ചെയ്തിട്ടില്ല.

3. Friday Uniform (White T Shirt)

   വെള്ളിയാഴ്ചകളിലെ വൈറ്റ് യൂണിഫോം ഒരു വർഷത്തെ ഉപയോഗത്തിന് ആണ് ഉദ്ദേശിക്കുന്നത്. ആയതുകൊണ്ട് Size ന് യോജിച്ച പുതിയ White T Shirt എല്ലാ കുട്ടികളും നിർബന്ധമായും വാങ്ങേണ്ടതാണ്. കുട്ടികൾ വെള്ളിയാഴ്ചകളിൽ കൃത്യമായി വെള്ള യൂണിഫോം ധരിച്ച് സ്കൂളിൽ എത്തേണ്ടതാണ്.

4. യൂണിഫോമിന്റെ അളവും കൃത്യതയും

   യൂണിഫോം ധരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്:

- യൂണിഫോം ഓരോ കുട്ടിയുടെയും ശരീരത്തിന് അനുയോജ്യമായ അളവിലും (Proper size) കൃത്യമായ പാകത്തിലും ആയിരിക്കണം.
- അമിതമായി അയഞ്ഞതോ അല്ലെങ്കിൽ തീരെ ഇറുകിയതോ നിറം മങ്ങിയതോ ആയ വസ്ത്രങ്ങൾ കുട്ടികളുടെ രൂപഭംഗിയെ മാത്രമല്ല, അവരുടെ ആത്മവിശ്വാസത്തെയും (Self-confidence) വ്യക്തിത്വത്തെയും (Self-esteem) കൂടി പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്.
- വൃത്തിയുള്ളതും കൃത്യമായ അളവിലുള്ളതുമായ വസ്ത്രം ധരിക്കുന്നത് കുട്ടികളിൽ ഉന്മേഷവും സ്കൂൾ പരിസരത്ത് കൂടുതൽ ആത്മവിശ്വാസത്തോടെ ഇടപഴകാനുള്ള കഴിവും വർദ്ധിപ്പിക്കും. അതുകൊണ്ട്, രക്ഷിതാക്കൾ കുട്ടികൾക്ക് യൂണിഫോം തയ്യാറാക്കുമ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

## 2026–27 അധ്യയന വർഷം

കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അടുത്ത വർഷം മുതൽ താഴെ പറയുന്ന നൂതന പദ്ധതികൾ നടപ്പിലാക്കാൻ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്:

- സ്കിൽ & ഇന്നവേഷൻ ലാബ്: 4 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി അത്യാധുനിക രീതിയിലുള്ള ട്രെയിനിങ് ആരംഭിക്കും.
- വ്യക്തിത്വ വികസനം: കുട്ടികളുടെ സോഫ്റ്റ് സ്കിൽസ് (Soft Skills), ആശയവിനിമയ ശേഷി (Communicative Skills), ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലനങ്ങൾ.
- ട്രെയിനിങ് പ്രോഗ്രാമുകൾ:സി.ബി.എസ്.ഇ (CBSE) വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് അധ്യാപകർക്കും രക്ഷിതാക്കൾക്കുമായി കാലികമായ ട്രെയിനിങ് സെഷനുകൾ സംഘടിപ്പിക്കും.
- സ്കൂൾ ബസ് & ഫീസ് സംബന്ധിച്ച വിവരങ്ങൾ
- സ്കൂൾ ബസ്:നിലവിലുള്ള റൂട്ടുകൾ ദീർഘിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നു.
- സ്കൂൾ ഫീസ്:വിജയഗിരി ഒരു സ്വയംഭരണ സ്ഥാപനമായതിനാൽ (Self-financing school), ഫീസുകൾ കൃത്യസമയത്ത് അടച്ച് സഹകരിക്കുക. ഫീസ് ഒറ്റത്തവണയായി മുൻകൂട്ടി അടയ്ക്കുന്നവർക്ക് റിബേറ്റ് (Rebate) ആനുകൂല്യം ലഭ്യമാണ്. അടുത്ത അധ്യയന വർഷം (2026-27) മുതൽ സ്കൂൾ ഫീസിൽ 3% മുതൽ 4% വരെ വർദ്ധനവ് ഉണ്ടായിരിക്കുന്നതാണ്.

### മറ്റ് പ്രധാന അറിയിപ്പുകൾ

- ടി.സി (TC Application): എന്തെങ്കിലും കാരണവശാൽ കുട്ടികൾക്ക് സ്കൂൾ മാറ്റം ആവശ്യമുണ്ടെങ്കിൽ മാർച്ച് 15-ന് മുൻപായി അപേക്ഷ നൽകേണ്ടതാണ്.

## 2026 –27 അധ്യയന വർഷത്തേക്കുള്ള പ്രവേശനം

2020ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിർദേശ-പ്രകാരമാണ് പ്രവേശനം ക്രമീകരിച്ചിരിക്കുന്നത്. വിവിധ ഘട്ടങ്ങൾക്കും പ്രായത്തിനും അനുസൃതമായ പഠന നേട്ടങ്ങൾ കൈവരിക്കുന്നതിന് വേണ്ടി ഘടനാപരമായ മാറ്റങ്ങളെ ഉൾക്കൊണ്ട് പാഠ്യപദ്ധതികൾ ക്രമീകരിച്ചിട്ടുണ്ട്. മൂന്ന് വയസ്സുള്ള കുട്ടികൾക്ക് Pre LKG യിൽ പ്രവേശനം നേടാൻ സാധിക്കുന്നതാണ്. പ്രീസ്കൂൾ എജുക്കേഷൻ മൂന്ന് വർഷം നീണ്ടുനിൽക്കുന്ന പഠന പരിശീലന പരിപാടിയായിട്ടാണ് NEP വിഭാഗം ചെയ്യുന്നത്.

Pre LKG, LKG ലേക്കുള്ള അഡ്മിഷനും ഒന്നും, പതിനൊന്നും ക്ലാസ്സിലേക്കുള്ള Admission registration ആരംഭിച്ചിരിക്കുകയാണ്. മറ്റു ക്ലാസുകളിലേക്കുള്ള പ്രവേശനം സീറ്റുകളുടെ ലഭ്യതയ്ക്കനുസരിച്ചായിരിക്കും.

**Books Distribution**

| Date | 2026-27 Year Batch | Time |
|---|---|---|
| 05/05/2026 | UKG,1,2 | 9.30am to 2.30pm (1.15-1.45Lunch Time) |
| 06/05/2026 | 3,4,5 | |
| 07/05/2026 | 6,7,8 | |

**Annual Exam/Holidays**

എട്ടാം ക്ലാസ് വരെയുള്ള കുട്ടികളുടെ വാർഷിക പരീക്ഷകൾ മാർച്ച് 27 ന് പൂർത്തിയാകും. ഓപ്പൺ ഹൗസ് ഏപ്രിൽ 8ന് നടത്തുന്നതായിരിക്കും .ഇതിനുശേഷം മാത്രമേ കുട്ടികൾ ദൂര വെക്കേഷൻ യാത്രകൾക്ക് തയ്യാറെടുക്കാവൂ. പുതിയ 10, 12 ബാച്ചിന്റെ Extended ക്ലാസുകൾ ഏപ്രിൽ 30 വരെയും നടത്തപ്പെടുന്നതാണ്. എല്ലാ കുട്ടികളും അതിനനുസരിച്ച് വെക്കേഷൻ പ്രോഗ്രാമുകൾ ക്രമീകരിക്കണം.

**Vijayagiri Summer Camp**

ഈ വരുന്ന April വേനൽ അവധിക്കാലത്ത് കുട്ടികളുടെ കലാകായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഒരു Summer ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. രാവിലെ മുതൽ വൈകുന്നേരം വരെ ഒരു മാസം നീണ്ടുനിൽക്കുന്ന പരിപാടിയാണിത്. Sports, Arts, Music, Games എന്നിവയിൽ experts വന്ന് വിദഗ്ധ പരിശീലനം നൽകുന്നു. Screen time പരമാവധി കുറച്ച് മറ്റു ഗുണപരമായ പ്രവർത്തികളിൽ ഏർപ്പെടുന്നതിനുള്ള ഒരു അവസരമാണ്. നിർദിഷ്ട റൂട്ടുകളിലേക്ക് സൗജന്യ ബസ് സർവീസ് (7 Bus) ഉണ്ടായിരിക്കുന്നതായിരിക്കും. Canteen Facility (optional) ഉണ്ടായിരിക്കും. Fees, Camp Events തുടങ്ങിയതിന്റെ വിശദാംശങ്ങൾ പിന്നീട് അറിയിക്കും. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.
Mrs. Princy - 9961604478

മാനേജരെയും പ്രിൻസിപ്പാളിനെയും എല്ലാ ദിവസവും കാണുന്നതിനുള്ള സൗകര്യം ഉണ്ട്. മുൻകൂട്ടി Appoinment എടുക്കുന്നതാണ് സൗകര്യം.
കുട്ടികളുടെ സമഗ്രമായ വളർച്ചയ്ക്ക് വേണ്ട എല്ലാവിധ നിർദ്ദേശങ്ങളും രക്ഷിതാക്കളുടെ പക്കൽനിന്ന് ലഭിക്കുന്നത് പരമാവധി ഉൾക്കൊണ്ടാണല്ലോ Vijayagiri മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. വിദ്യാർത്ഥികളുടെ ഉന്നതിയാണ് മാതാപിതാക്കളോടൊപ്പം മാനേജ്മെന്റിന്റെയും ലക്ഷ്യം.
വിജയഗിരിയുടെ വളർച്ചയിൽ നിങ്ങളോരോരുത്തരും നൽകുന്ന പിന്തുണയ്ക്ക് നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹാദരങ്ങളോടെ

**Fr.Joseph John**
മാനേജർ